78589

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Wednesday, the 4th March 1964.

Vol. XVIII] OFFICIAL REPORT [No. 18

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 4th March 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

Mr. Speaker: Questions and Answers. Question number 1 Shri C. K. Balakrishnan.

ഉപരിപഠനാർത്ഥം വിദേശരാജ്യങ്ങളിൽ അയച്ചിട്ടുള്ള പട്ടിക വർഗ്ഗക്കാർ.

* 517. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാന യൂണിവേഴ്സിറ്റിയിൽനിന്നും സാങ്കേതിക വിദ്യാഭ്യാസത്തിൽ ബിരുദധാരികളായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആരെയെങ്കിലും ഉപരിപഠനാർത്ഥം വിദേശരാജ്യങ്ങളിൽ അയച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വർഷംതോറും എത്രയും പേരെയെങ്കിലും വിദേശങ്ങളിൽ ഉപരിപഠനത്തിനു് അയയ്ക്കുന്ന കാര്യം ഗവണ്മെന്റു് പരിഗണിക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) അയച്ചിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ വിദേശരാജ്യങ്ങളിൽ ഉപരിപഠനം നടത്തുന്നതിനു് സാമ്പത്തികസഹായം നൽകുന്നതിനു് ഒരു പദ്ധതി ഇപ്പോൾ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഈ പദ്ധതി അടുത്ത വർഷത്തിലെങ്കിലും നടപ്പിലാകുമെന്നു വിശ്വസിക്കാമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ. ബീഹാർ, ഗുജറാത്തു്, മഹാരാഷ്ട്ര, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ ഇതുപോലുള്ള ഒരു പദ്ധതി ഉണ്ടു്. ഈ അടുത്തകാലത്തു് മൈസൂരും, മഹാരാഷ്ട്രായും ഈ പദ്ധതി ഉപേക്ഷിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇപ്പോഴും ഗുജറാത്തിൽ മാത്രമേ ഇങ്ങനെയൊരു പദ്ധതി നടത്തിവരുന്നുള്ളു. വിദേശരാജ്യങ്ങളിലേക്കു് വിദ്യാർത്ഥികളെ അയയ്ക്കുന്നതു് യൂണിയൻ ഗവണ്മെന്റു് മാത്രമാണു്. അതു് മെരിറ്റിന്റെ അടിസ്ഥാനത്തിലാണു്. എന്നിരുന്നാലും ഈ സംസ്ഥാന ഗവണ്മെന്റു് ഹരിജൻ വെൽഫെയർ ഡയറക്ടറേറ്റു് ഇതിനാവശ്യമായ ഒരു സ്കീം തയ്യാറാക്കി ഗവണ്മെന്റിനു് അയയ്ക്കുണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: സർ, സി. പി. രാമസ്വാമിഅയ്യർ തിരുവിതാംകൂർ ദിവാനായിരുന്ന കാലത്തു് രണ്ടുപേരെ ഉപരിപഠനത്തിനു് അമേരിക്കയിലേക്കു് അയച്ചതായി അറിയാം. അതുകഴിഞ്ഞു് ജനകീയ മന്ത്രിസഭ ഇവിടെ ഇത്രകൊല്ലം ഭരിച്ചിട്ടും ഹരിജൻ വിദ്യാർത്ഥികളെ വിദേശത്തേക്കയയ്ക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതേയുള്ളോ?

ശ്രീ. കെ. കുഞ്ഞമ്പു: സർ, സി.പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു വിദ്യാർത്ഥികളെ അയച്ചിട്ടുണ്ടോ എന്നു് എന്റെ ഇപ്പോഴും ഉള്ള അറിവുവെച്ചു് പറയുവാൻ നിവൃത്തിയില്ല. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ നാലു സംസ്ഥാനങ്ങളുടെ വിവരങ്ങളാണു് അറിയാൻ കഴിഞ്ഞതു്. അതുകൊണ്ടു് ഇതുപോലുള്ള ഒരു സ്കീം ആവിഷ്കരിക്കാനാണു് സംസ്ഥാന ഗവണ്മെന്റു് നടപടി എടുത്തുകൊണ്ടിരിക്കുന്നതു്. എന്നാൽ ഇതുപോലെ വിദേശരാജ്യങ്ങളിലേക്കു് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തയയ്ക്കുന്ന സമ്പ്രദായം യൂണിയൻ ഗവണ്മെന്റു് നടത്തിക്കൊണ്ടിരിക്കുന്നു. യൂണിയൻ ഗവണ്മെന്റു് മെരിറ്റിന്റെ അടിസ്ഥാനത്തിലാണു് ഇങ്ങനെ തിരഞ്ഞെടുത്തയയ്ക്കുന്നതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: രണ്ടു മൂന്നു സംസ്ഥാനങ്ങളും ആവിഷ്കരിച്ചു് നടപ്പിലാക്കിയെന്നും പിന്നെ ഉപേക്ഷിച്ചെന്നും പറഞ്ഞു. എന്താണു് ഈ പദ്ധതി?

ശ്രീ. കെ. കുഞ്ഞമ്പു: വിദേശരാജ്യങ്ങളിലേക്കു് കുട്ടികളെ ഉപരിപഠനത്തിനു് അയയ്ക്കാനുള്ള ഒരു സ്കീം ഉണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: എന്താണു് ആ പദ്ധതിയെന്നാണു് ചോദിച്ചതു്?

ശ്രീ. കെ. കുഞ്ഞമ്പു: മെഡിക്കൽ അഗ്രിക്കൾച്ചറൽ എന്നീ വിഷയങ്ങളിൽ ഉപരിപഠനത്തിനുവേണ്ടി വിദേശങ്ങളിൽ അയയ്ക്കുന്ന കുട്ടികൾക്കു് ധനസഹായം ചെയ്യുവാൻ കഴിയുമോ എന്നുള്ള സ്കീം.

ശ്രീ. ഈ. പി ഗോപാലൻ: ഗുജറാത്തു് മാത്രമാണു് ഇപ്പോഴും അയച്ചുവരുന്നതെന്നു പറഞ്ഞു. ഹരിജൻ വിദ്യാർത്ഥികളെ ഉപരിപഠനത്തിനു് വിദേശങ്ങളിലേക്കു അയയ്ക്കുന്ന ഏർപ്പാടുകളും നിറുത്തലാക്കിയിട്ടുള്ള സംസ്ഥാനങ്ങളുടെ പഠനവും പഠിക്കാൻഡയറക്ടറേറ്റിനു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ പഠിച്ചിട്ടു് അയയ്ക്കുണ്ടു എന്ന ഒരു തീരുമാനത്തിലെത്താൻ സാദ്ധ്യതയില്ലേ ?

Mr. Speaker : Order, order. That is not a relevant question.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇങ്ങനെയുള്ള പദ്ധതികൾക്കു് കേന്ദ്രത്തിൽനിന്നു് വല്ല ധനസഹായവും ലഭിക്കുമോ; സുമാർ ഒരു വിദ്യാർത്ഥിയെ വിദേശത്തേക്കു് അയച്ചു പഠിപ്പിക്കാൻ ഇംഗ്ലണ്ടിലാണെങ്കിൽ എത്ര; അമേരിക്കയിലാണെങ്കിൽ എത്ര ചെലവുവരുമെന്നു് വല്ല കണക്കുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : അതേപ്പറ്റി ആലോചിച്ചിട്ടുണ്ട്. കട്ടിയെ ഇംഗ്ലണ്ടിലോ, അമേരിക്കയിലോ അയച്ചു പഠിപ്പിക്കണമെങ്കിൽ ഒരു കൊല്ലത്തിൽ ശരാശരി പതിനായിരം രൂപ ചെലവു വേണ്ടിവരുമെന്നു കണക്കാക്കിയിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണു പദ്ധതി ഡയറക്ടർ ആവിഷ്ക്കരിച്ചതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അടുത്ത വർഷംതന്നെ ഈ പദ്ധതിയനുസരിച്ചു് ആരെയെങ്കിലും വിദേശരാജ്യത്തേക്കു് അയയ്ക്കുമെന്നു് പ്രതീക്ഷിക്കാമോ?

ശ്രീ. കെ. കുഞ്ഞമ്പു: പദ്ധതി ആവിഷ്കരിച്ചു് നടപ്പിൽ വന്നതിനുശേഷമാത്രമേ അയയ്ക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. കൃഷ്ണപിള്ള: ഹരിജൻ വിദ്യാർത്ഥികളെ വിദേശങ്ങളിലേക്കു് അയയ്ക്കുന്നതിനു് എന്തു തത്വമാണു് ഗവണ്മെന്റു് അംഗീകരിച്ചിട്ടുള്ളതു്?

ശ്രീ. കെ. കുഞ്ഞമ്പു: തത്വം അംഗീകരിച്ചതുകൊണ്ടാണു് മറ്റു സംസ്ഥാനങ്ങളിലെ സമ്പ്രദായം എഴുതിവരുത്തി ഇതുപോലുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുള്ളതു്.

ശ്രീ. ഓ. കോരൻ: സർ, ഈ വിധത്തിൽ വിദേശങ്ങളിൽ ഉപരിപഠനത്തിനുവേണ്ടി ഹരിജനങ്ങളെ തിരഞ്ഞെടുത്തയയ്ക്കുന്നതിനെ സംബന്ധിച്ചു് 3 കൊല്ലങ്ങൾക്കുമുമ്പു് സ്റ്റേറ്റു് ഹരിജൻ അഡ്വൈസറി കമ്മിറ്റി ഒരു പ്രമേയം പാസ്സാക്കി കേന്ദ്രഗവണ്മെൻറിലേക്കു് അയച്ചു. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. ഈ ആലോചന എത്രകാലം നീണ്ടുപോകുമെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: യൂണിയൻ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ തിരഞ്ഞെടുപ്പു നടത്തി വിദേശരാജ്യങ്ങളിലേക്കു് അയയ്ക്കുന്നുണ്ടു്. അവർ മെരിറ്റിന്റെ അടിസ്ഥാനത്തിലാണു് തിരഞ്ഞെടുത്തയയ്ക്കുന്നതു്. ഇതുപോലെ സംസ്ഥാന ഗവണ്മെൻറുതന്നെ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയാണു്. സംസ്ഥാന ഇവാല്യുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചാണു് ഈ പദ്ധതി ആവിഷ്ക്കരിച്ചതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇപ്പോഴത്തന്നെ മുന്നാക്ക സമുദായത്തിൽപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ ഗവണ്മെൻറു സഹായത്തോടുകൂടി വിദേശങ്ങളിലേക്കു് അയച്ചു് പഠിപ്പിക്കുന്ന ഒരു പദ്ധതി നിലവിലുണ്ടു്. അങ്ങനെയിരിക്കുമ്പോൾ ഹരിജനങ്ങളേയും പെടുത്തിയാൽ പോരേ? ഹരിജനങ്ങൾക്കു മാത്രമായി പ്രത്യേക ഒരു പദ്ധതി ഉണ്ടാക്കാനുള്ള പ്രത്യേക കാരണമെന്താണു്?

ശ്രീ. കെ. കുഞ്ഞമ്പു: പ്രത്യേക പദ്ധതി ഉണ്ടാക്കാൻ കാരണമുണ്ടു്. മെരിറ്റിന്റെ അടിസ്ഥാനത്തിലാണു് യൂണിയൻ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ തിരഞ്ഞെടുപ്പു നടത്തുന്നതു്. ഇതു് പലപ്പോഴും ഹരിജൻ വിദ്യാർത്ഥികൾക്കു കിട്ടാൻ സാദ്ധ്യതയില്ലെന്നു മനസ്സിലാക്കിയാണു് പ്രത്യേകമായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതു്.

Mr. Speaker : Question number 2. An identical question has already been answered. Part (b) alone need be answered.

LIBRARY ARCHIVES Kerala Legislative Assembly